# കേരള സർക്കാർ

## സംഗ്രഹം

**തദ്ദേശ സ്വയംഭരണ വകുപ്പ് - കോട്ടയം ജില്ല-ആനിക്കാട് വില്ലേജ് ബ്ലോക്ക് 46, സർവേ 135/6-ൽപ്പെട്ട 15 സെന്റ് സ്ഥലത്തിന്റെ ഉടമസ്ഥാവകാശം ട്രഷറി വകുപ്പിന് കൈമാറുന്നതിന് പാമ്പാടി ബ്ലോക്ക് പഞ്ചായത്തിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.**

---

### തദ്ദേശ സ്വയംഭരണ (ആർ.സി) വകുപ്പ്

സ.ഉ. (സാധാ)നം.1662/2012/ത.സ്വ.ഭ.വ. തീയതി, തിരുവനന്തപുരം, 19-6-2012

പരാമർശം :-

1. 8-6-10-ലെ സ.ഉ. (സാധാ) നം. 1895/10/തസ്വഭവ
2. ട്രഷറി ഡയറക്ടറുടെ 1-2-12-ലെ എ1/9471/2011 നമ്പർ കത്ത്.
3. പാമ്പാടി ബ്ലോക്ക് പഞ്ചായത്തിന്റെ 23-2-12-ലെ IX നമ്പർ തീരുമാനം.

## ഉത്തരവ്

പാമ്പാടി ബ്ലോക്ക് പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ആനിക്കാട് വില്ലേജ് ബ്ലോക്ക് 46, സർവേ 135/6-ൽപ്പെട്ട 15 (പതിനഞ്ച്) സെന്റ് സ്ഥലം അതിന്റെ ഉടമസ്ഥാവകാശം ബ്ലോക്ക് പഞ്ചായത്തിൽ തന്നെ നിലനിർത്തിക്കൊണ്ട് ട്രഷറി കെട്ടിടം നിർമ്മിക്കുന്നതിന് ട്രഷറി വകുപ്പിന് കൈമാറുന്നതിന് ബ്ലോക്ക് പഞ്ചായത്തിന് അനുമതി നൽകിക്കൊണ്ട് പരാമർശം (1) പ്രകാരം ഉത്തരവായിരുന്നു. എന്നാൽ പ്രസ്തുത സ്ഥലത്തിന്റെ പൂർണ്ണമായ ഉടമസ്ഥാവകാശം ട്രഷറി വകുപ്പിന് കൈമാറിയാൽ മാത്രമേ ട്രഷറി കെട്ടിടം നിർമ്മിക്കാൻ കഴിയുകയുള്ളൂവെന്ന് പരാമർശം (2) പ്രകാരം ട്രഷറി ഡയറക്ടർ അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ സ്ഥലത്തിന്റെ പൂർണമായ ഉടമസ്ഥാവകാശം ട്രഷറി വകുപ്പിന് കൈമാറുന്നതിന് പരാമർശം (3) പ്രകാരം പാമ്പാടി ബ്ലോക്ക് പഞ്ചായത്ത് തീരുമാനമെടുത്ത് അനുമതിക്കായി അപേക്ഷിക്കുകയുണ്ടായി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. അതിന്റെ അടിസ്ഥാനത്തിൽ, പരാമർശം (1) പ്രകാരം കൈമാറുന്നതിന് അനുമതി നൽകിയ ആനിക്കാട് വില്ലേജ് ബ്ലോക്ക് 46, സർവേ 135/6-ൽപ്പെട്ട 15 (പതിനഞ്ച്) സെന്റ് സ്ഥലത്തിന്റെ പൂർണ്ണമായ ഉടമസ്ഥാവകാശം ട്രഷറി വകുപ്പിന് കൈമാറുന്നതിന് പാമ്പാടി ബ്ലോക്ക് പഞ്ചായത്തിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,
എൻ. ആർ. ശ്രീലേഖ
അണ്ടർ സെക്രട്ടറി.

To

പഞ്ചായത്ത് ഡയറക്ടർ , തിരുവനന്തപുരം
ട്രഷറി ഡയറക്ടർ, തിരുവനന്തപുരം
സെക്രട്ടറി, പാമ്പാടി ബ്ലോക്ക് പഞ്ചായത്ത്, ആനിക്കാട് പി.ഒ, കോട്ടയം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരളം, തിരുവനന്തപുരം
സീനിയർ ഡെപ്യൂട്ടി അക്കൗണ്ടന്റ് ജനറൽ, തദ്ദേശസ്വയംഭരണ ആഡിറ്റ് & അക്കൗണ്ട്സ്, തിരുവനന്തപുരം
ഡയറക്ടർ, ലോക്കൽഫണ്ട് ആഡിറ്റ്, തിരുവനന്തപുരം
ജില്ലാ കളക്ടർ, കോട്ടയം
ഇൻഫർമേഷൻ കേരള മിഷൻ (വെബ്സൈറ്റിൽ പ്രസിദ്ധീകരണത്തിന്)
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.